മദ്ധ്യമേഖല ഡി. ഐ. ജി., ആർ. ശ്രീലേഖയുടെ ലേഖനം

181 [3149] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യമേഖല ഡി. ഐ. ജി., ആർ. ശ്രീലേഖ ഒരു വനിതാ വാരികയിൽ താൻ ഒരു കൊലക്കേസ് പ്രതിയെ രക്ഷിച്ചു എന്ന് ലേഖനം എഴുതിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഡി. ജി. പി. ക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(സി) ആ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിൻമേൽ ദക്ഷിണമേഖല ഐ. ജി.-യെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങിയിട്ടുള്ളതും, ആയത് പരിശോധിച്ചു കൊണ്ടിരിക്കുന്നതുമാകുന്നു.

ബാലുശ്ശേരി സർക്കിൾ ഓഫീസ് പരിധിയിൽ കൂടുതൽ പോലീസ് സ്റ്റേഷനുകൾ

182 [3150] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സർക്കിൾ ഓഫീസിൽ ഇപ്പോൾ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കിളിന്റെ അധികാരപരിധിയിൽ എത്ര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; കൂടുതൽ പോലീസ് സ്റ്റേഷനുകൾ ഈ സർക്കിളിൽ കൊണ്ടുവരുന്നതിനു എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി സർക്കിൾ ഓഫീസിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ തസ്തികമാത്രം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാലുശ്ശേരി സർക്കിളിന്റെ അധികാരപരിധിയിൽ 2 പോലീസ് സ്റ്റേഷനുകൾ (ബാലുശ്ശേരി, കാക്കൂർ) പ്രവർത്തിച്ചുവരുന്നുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകൾ ഈ സർക്കിളിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല.

കെ. ശിശുപാലന്റെ കൊലപാതക കേസ് സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കാൻ നടപടി

183 [3152] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ, വടകോട് പുത്രവിള അശ്വതി ഭവനിൽ കെ. ശിശുപാലനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 464/2005 കേസിലെ പ്രതികൾ ആരെല്ലാമായിരുന്നു; അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്;

(ബി) ചാരായവാറ്റും വിൽപ്പനയും എതിർത്തതാണ് ഈ കൊലപാതകത്തിനുള്ള കാരണമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതികളിൽ എത്രപേരുടെ പേരിൽ അബ്കാരി കേസുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇപ്പോൾ ഈ കേസിന്റെ അന്വേഷണം നടത്തുന്നത് ആരാണെന്നും കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കാമോ;

(ഇ) കേസിന്റെ അന്വേഷണ ചുമതല സ്പെഷ്യൽ ടീമിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസന്ന, കുപ്പി മണിയൻ, കറവ രാജൻ, പ്രശാന്ത്, പ്രവീൺ എന്നിവരാണ് 464/2005 നമ്പർ കേസിലെ പ്രതികൾ.

പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഐ. പി. സി. 143, 147, 148, 149, 341, 323, 324, 304 (ii) എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഒന്നാം പ്രതിയായ പ്രസന്നയുടെ പേരിൽമാത്രം.

(ഡി) 25-7-2005 മുതൽ തിരുവനന്തപുരം റൂറൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ. എസ്. പി. യുടെ മേൽനോട്ടത്തിൽ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly